***<u>'CORRUPTION, A CRIME AGAINST NATION'</u>***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,<br>
തിരുവനന്തപുരം–695 033,<br>
ഇമെയിൽ: vig.vacb@kerala.gov.in<br>
ഫോൺ: 0471– 2305393<br>
തീയതി: 22.08.2023


# 'കൈക്കൂലി വാങ്ങുന്നതിനിടയിൽ പഞ്ചായത്ത് സെക്രട്ടറി വിജിലൻസ് പിടിയിൽ"

വെള്ളനാട് പഞ്ചായത്ത് സെക്രട്ടറി ഗോപകുമാർ 10,000/– രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (22.08.2023) വിജിലൻസിന്റെ പിടിയിലായി.

വെള്ളനാട് മുണ്ടേല സ്വദേശിനിയും, കാൻസർ രോഗിയുമായ സ്ത്രീക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിച്ച് കിട്ടിയ വീട് വയ്ക്കുന്നതിനായി വസ്തുവിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനായി ബന്ധുവായ പരാതിക്കാരൻ കഴിഞ്ഞമാസം വെള്ളനാട് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. നാളിതുവരെയും യാതൊരു നടപടികളും ഉണ്ടാകാത്തതിനെ തുടർന്ന് പരാതിക്കാരൻ ഇക്കഴിഞ്ഞ ദിവസം വെള്ളനാട് പഞ്ചായത്ത് സെക്രട്ടറി ഗോപകുമാറിനെ കണ്ടു വിവരം അന്വേഷിച്ചപ്പോൾ 20,000 /– രൂപ കൈക്കൂലി നൽകിയാൽ ഇന്ന് സ്ഥലപരിശോധന നടത്താമെന്ന് പരാതിക്കാരനെ അറിയിക്കുകയും പരാതിക്കാരൻ ഈ വിവരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് –2 ഡി.വൈ.എസ്.പി ശ്രീ .അനിൽകുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് വൈകുന്നേരം 6.15 മണിയോടെ പഞ്ചായത്ത് സെക്രട്ടറി സ്ഥലപരിശോധന നടത്തിയ ശേഷം 10,000/– (പതിനായിരം രൂപ) കൈക്കൂലി വാങ്ങി വാഹനത്തിൽ വച്ച് ഓടിച്ച് പോകവേ വിജിലൻസ് സംഘം പിന്തുടർന്ന് പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി.യെ കൂടാതെ ഇൻസ്പെക്ടർ മാരായ ശ്രീ.പ്രദീപ്കുമാർ, ശ്രീ. മുഹമ്മദ് റിജാസ്, ശ്രീ. അനൂപ് ചന്ദ്രൻ, ശ്രീ. ജോഷി, സബ് ഇൻസ്പെക്ടർമാരായ ശ്രീ. മോഹനൻ, അസിസ്റ്റന്റ് സബ്

ഇൻസ്പെക്ടർമാരായ ശ്രീ. അശോകൻ, ശ്രീ. ജോയി എസ്.സി.പി.ഓ മാരായ സതീഷ്, സജി മോഹൻ, സജിത്ത്, വിജിൻ, സുജേഷ്, രാജേഷ്, രാംകുമാർ എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ.ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.